# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :180 07.12.2015-ൽ മറുപടിയ്ക്ക്

## "ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പ് നടപ്പാക്കുന്ന "ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി"യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) "ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി" നടപ്പാക്കൽ കേരളത്തിൽ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ മുന്നോടിയായി "ബ്രിഡ്ജ് പ്ലാൻ" നടപ്പാക്കുവാൻ 2011-12ൽ അനുവദിച്ച 194.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിലയിരുത്തൽ വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ ആദ്യഘട്ടത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ | ബി) ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി" സംബന്ധിച്ച ആശയ പ്രചരണത്തിനുള്ള ശില്പശാലകൾ സംഘടിപ്പിക്കുക, പദ്ധതി നിർവ്വഹണ തലത്തിൽ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക, ദീർഘകാല പദ്ധതി തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം നടത്തുക, എന്നിവയായിരുന്നു "ബ്രിഡ്ജ് പ്ലാൻ" വഴി നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിനായി വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയെ സജ്ജമാക്കുവാൻ "ബ്രിഡ്ജ് പ്ലാൻ" പദ്ധതി സഹായകരമായി എന്നാണ് വിലയിരുത്തൽ. . |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുടെ അടുത്തഘട്ടം എന്നു മുതലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | 2015-16 സാമ്പത്തിക വർഷം മുതൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനം തയ്യാറാക്കിയ 333.15 കോടി രൂപയുടെ ദീർഘകാല പദ്ധതിക്ക് 2015 ഒക്ടോബർ 9-ാം തീയതി ചേർന്ന ഗ്രീൻ ഇൻഡ്യാ മിഷന്റെ ദേശീയ എക്സിക്യൂട്ടീവ് കൗൺസിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അന്തിമ അംഗീകാരവും ആദ്യഘട്ട ഫണ്ടും ലക്ഷ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ